# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

141 പുസ്തകങ്ങൾ ഒരുമിച്ചിറക്കുന്നതു സംബന്ധിച്ച നടപടി

2788 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നൂറുദിനം പൂർത്തിയാക്കുന്ന അവസരത്തിൽ 141 പുസ്തകങ്ങൾ ഒരുമിച്ചിറക്കണമെന്ന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർക്ക് നിർദ്ദേശം നൽകിയിരുന്നോ ; പുസ്തകങ്ങളിൽ ഒരുപാട് അച്ചടിപ്പിശകുകൾ സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എഴുത്തുകാർക്കും മറ്റു അണിയറ പ്രവർത്തകർക്കും റോയൽറ്റി അല്ലാത്ത ഒരു തുക നൽകണമെന്നുള്ള ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ മേൽ സൂചിപ്പിച്ചവർക്ക് റോയൽറ്റി അല്ലാതെ തുക നൽകിയോയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പുസ്തകങ്ങളിൽ ഭൂരിഭാഗവും മുൻസർക്കാരിന്റെ കാലത്ത് പ്രിന്റ് ചെയ്തതാണെന്നും ഇപ്പോൾ ആമുഖ പേജ് മാറ്റി വീണ്ടും സെറ്റ് ചെയ്താതാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനായി ചെലവാക്കിയ അധിക സംഖ്യ എത്രയാണെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പി. എം. ജി. എസ്.വൈ. പദ്ധതി</u>

2789 ശ്രീ. സി. എഫ്. തോമസ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം സംസ്ഥാനത്തിന് കഴിഞ്ഞ അഞ്ച് വർഷം ലഭിച്ച തുക എത്ര ;

(ബി) ലഭിച്ച തുകയിൽ എത്ര ചെലവഴിച്ചു ;

(സി) പി.എം.ജി.എസ്.വൈ. ഫണ്ട് വിനിയോഗിക്കുന്നതിൽ സംസ്ഥാനം പിന്നോക്കം നില്ക്കുന്നതിന് കാരണം വ്യക്തമാക്കുമോ ;

(ഡി) പി.എം.ജി.എസ്.വൈ. പദ്ധതി പൂർണ്ണ തോതിൽ നടപ്പാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ഗ്രാമീണ സഡക് യോജന പദ്ധതി</u>

2790 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ ഏതെല്ലാം പ്രദേശത്ത് എത്ര റോഡുകൾ നിർമ്മിച്ചിട്ടുണ്ട്;

(ബി) അങ്ങനെ നിർമ്മിച്ച റോഡുകൾക്കു ഓരോന്നിനും ചെലവായ തുക എത്രയാണ്;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര റോഡുകൾ ഏതെല്ലാം പ്രദേശങ്ങളിൽ നിർമ്മിക്കാനുണ്ട്;

(ഡി) പുതുതായി നിർമ്മിക്കാനുള്ള റോഡുകൾക്കു അംഗീകാരം ലഭിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പൊൻകണ്ടം-കടപ്പാറ റോഡിന്റെ നിർമ്മാണ പ്രവർത്തനം</u>

2791 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ.യിൽ ഉൾപ്പെടുത്തിയിട്ടുള്ള ആലത്തൂർ നിയോജക മണ്ഡലത്തിൽപ്പെട്ട പൊൻകണ്ടം-കടപ്പാറ റോഡിന്റെ നിർമ്മാണ പ്രവർത്തനം മുടങ്ങിക്കിടക്കുകയാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടംവരെ എത്തിയെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണം തുടരുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

പി. എം. ജി. എസ്. വൈ റോഡുകൾ

2792 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ബ്ലോക്കുകളിൽ എത്ര പി. എം. ജി. എസ്. വൈ റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത റോഡുകളിൽ എത്രയെണ്ണം നിർമ്മാണം ആരംഭിച്ചു എന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(സി) നിർമ്മാണം ആരംഭിക്കാത്ത റോഡുകൾ ഏതൊക്കെയാണെന്നും അവയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പി. എം. ജി. എസ്. വൈ. പദ്ധതി</u>

2793 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ബ്ലോക്കിൽ പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം എത്ര റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭ്യമായിട്ടുണ്ട്;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

പി.എം.ജി.എസ്.വൈ. പദ്ധതി നടപടികൾ

2794 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം എത്ര റോഡുകൾ ആണ് ഒറ്റപ്പാലം മണ്ഡലത്തിൽ നിർമ്മിക്കുന്നത്; എത്ര കിലോമീറ്റർ;

(ബി) നിലവിൽ പി.എം.ജി.എസ്.വൈ. പദ്ധതിയുടെ ഏതെങ്കിലും സ്കീം നിലവിലുണ്ടോ;

(സി) ഏതെല്ലാം റോഡുകൾ ആണ് ടെൻഡർ നടത്താനുള്ളത് എന്ന് വിശദമാക്കുമോ; എന്നത്തേക്ക് ടെൻഡർ നടപടികൾ പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ഗ്രാമീണ റോഡുകള്‍ നിര്‍മ്മിക്കുന്നതിന് പാലിക്കേണ്ട നിബന്ധനകള്‍

2795 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം ഗ്രാമീണ റോഡുകള്‍ നിര്‍മ്മിക്കുന്നതിന് പാലിക്കേണ്ട നിബന്ധനകള്‍ എന്തെല്ലാമാണ്;

(ബി) ഇത്തരം നിബന്ധനകള്‍ സംസ്ഥാനത്തെ റോഡുകളുടെയും ഭൂപ്രകൃതിയുടെയും പശ്ചാത്തലത്തില്‍ സൃഷ്ടിക്കുന്ന പ്രയാസങ്ങളും പ്രായോഗിക വിഷമതകളും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ നിബന്ധനകളില്‍ ആവശ്യമായ ഇളവുകളും ഭേദഗതികളും വരുത്തുവാന്‍ നടപടികള്‍ സ്വീകരിക്കുമോ;

(ഡി) പി.എം.ജി.എസ്.വൈ. പദ്ധതിയില്‍ ഉള്‍പ്പെട്ട റോഡുകളുടെ ടെണ്ടര്‍ സ്വീകരിക്കുവാന്‍ ആളുകള്‍ തയ്യാറാകാത്ത സാഹചര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കില്‍ പരിഹാര നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

നെന്മാറ മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ

2796 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമീണ റോഡുകളെയാണ് പി.എം..ജി.എസ്.വൈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുളളത്;

(ബി) ഏതെല്ലാം റോഡുകളുടെ പണി പൂർത്തികരിച്ചിട്ടുണ്ട്;

(സി) പണി പൂർത്തീകരിക്കാത്ത റോഡുകളുളട വിവരം വ്യക്തമാക്കുമോ;

(ഡി) ഇത്തരം റോഡുകളുടെ പണികൾ അടിയന്തിരമായി തുടങ്ങുന്നതിനുളള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ദേശീയതൊഴിലുറപ്പു പദ്ധതിയിൽ ക്ഷീര വികസനം ഉൾപ്പെടുത്താൻ നടപടി

2797 ശ്രീ.വി. പി. സജീന്ദ്രൻ
,, ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് ന്യായവില ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത് ;

(ബി) ദേശീയതൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീര വികസനം ഉൾപ്പെടുത്തുന്നതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് ക്ഷീര കർഷകർക്ക് ലഭിക്കുന്നത് ;

(സി) 12-ാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണ ഘട്ടത്തിൽ തന്നെ ഇതിന് പ്രാധാന്യം ലഭിക്കുന്നവിധത്തിലുള്ള ഇടപെടൽ നടത്തുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

കേന്ദ്രാവിഷ്കൃത പദ്ധതികൾ

2798 ശ്രീ. രമേശ് ചെന്നിത്തല
,, കെ. ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിച്ച തുകയിൽ എത്ര തുക ലാപ്സായി എന്ന് വ്യക്തമാക്കാമോ;

(സി) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായി പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വികസന പ്രവർത്തനങ്ങൾക്ക് നീക്കിവച്ചിരുന്നതിൽ എത്ര തുക ലാപ്സായിയെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

**ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി**

2799 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കൂലി നൽകുന്നതിന് ആലോചിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ സർക്കാർ ഇതുവരെ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതി പരിഷ്കരിക്കുന്നതിന് നടപടി</u>

2800 ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സോഷ്യൽ ഓഡിറ്റ് ആരംഭിച്ചോ;

(ബി) ഏതൊക്കെ ജില്ലയിലാണ് സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കിയത്;

(സി) എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്;

(ഡി) ക്രമക്കേടുകൾ പരിഷ്ക്കരിച്ച് തൊഴിലുറപ്പ് പദ്ധതി പരിഷ്ക്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

തൊഴിലുറപ്പ് പദ്ധതിയിലെ ജനപങ്കാളിത്തവും ആരോഗ്യ പരിരക്ഷയും

2801

ശ്രീ. തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ച് ജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിന് നിലവിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തുവരുന്നത്;

(ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കി തുടങ്ങിയതു മുതലുള്ള ജനപങ്കാളിത്തത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ശക്തമായ പ്രചരണ ബോധവൽക്കരണ പരിപാടിയിലൂടെ പ്രസ്തുത പദ്ധതിയിലേയ്ക്ക് കൂടുതൽ ആളുകളെ പ്രത്യേകിച്ച് യുവജനങ്ങളെ ആകർഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ ആരോഗ്യപരിരക്ഷ കൂടി ഉറപ്പുവരുത്തുന്ന തരത്തിൽ പദ്ധതി ആസൂത്രണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

2802 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലിനായി പേര് രജിസ്റ്റർ ചെയ്യേണ്ടത് എവിടെയാണ്;

(ബി) രജിസ്ട്രേഷന് വേണ്ടി പ്രത്യേക ഉത്തരവാദിത്വം നൽകി ആഫീസറെ നിയമിച്ചിട്ടുണ്ടോ;

(സി) തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി ഗ്രാമവികസന വകുപ്പിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ഡി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഈ പ്രോഗ്രാം തുടങ്ങിയത് മുതൽ നാളിതുവരെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഇതിനുവേണ്ടിയുണ്ടായ അധിക സാമ്പത്തിക ബാദ്ധ്യത എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) തൊഴിൽ രജിസ്റ്റർ ചെയ്തവർക്ക് സമയബന്ധിതമായി തൊഴിലും കൂലിയും നൽകുന്നതിനുള്ള ഉത്തരവാദിത്വം ആർക്കാണ്?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും പിരിച്ചുവിട്ടതിനെതിരെ നടപടി

2803 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കരാറടിസ്ഥാനത്തിൽ നിയമിച്ച സാങ്കേതിക വിഭാഗം ജീവനക്കാരായ ഓവർസിയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ-കം. അക്കൗണ്ടന്റ് എന്നിവരിൽ കാലാവധിക്ക് മുമ്പ് ഈ സർക്കാർ വന്നതിനുശേഷം എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(ബി) നിലവിലുള്ള ഉത്തരവ് പ്രകാരം ഏതെങ്കിലും പഞ്ചായത്തിൽ പിരിച്ചുവിടുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കാതെ പിരിച്ചു വിട്ടിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ഗ്രാമീണ തൊഴിലുറപ്പു പദ്ധതി സുതാര്യമാക്കാൻ നടപടി</u>

2804 ശ്രീ. ബെന്നി ബെഹനാൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നടത്തിപ്പ് സുതാര്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാം;

(സി) തൊഴിലുറപ്പു പദ്ധതി നടത്തിപ്പിൽ ഉദ്യോഗസ്ഥർ അനാസ്ഥ കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ദേശീയതൊഴിലുറപ്പുപദ്ധതി വിഹിതം ഉയർത്താൻ നടപടി

2805 ശ്രീ.കെ. ശിവദാസൻ നായർ
,, റ്റി.എൻ. പ്രതാപൻ
,, വി.ഡി. സതീശൻ
,, എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയതൊഴിലുറപ്പു പദ്ധതി വിഹിതം ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര കോടി രൂപയാണ് ഇതിനുവേണ്ടി വകയിരുത്തുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത തുകയിൽനിന്നും സാധനസാമഗ്രികൾ വാങ്ങുവാൻ എത്ര ശതമാനം തുകയാണ് ഉപയോഗപ്പെടുത്തുന്നത്;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്തിന് ആസ്തി ഉണ്ടാക്കിയെടുക്കാൻ ലക്ഷ്യമിട്ടിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2806 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ രജിസ്റ്റർ ചെയ്യുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ ;

(ബി) തൊഴിലിനായി അപേക്ഷ നല്കുന്നവർക്ക് എത്ര ദിവസത്തിനകം തൊഴിൽനൽകും ;

(സി) നിശ്ചിതസമയ പരിധിക്കുള്ളിൽ തൊഴിൽ നൽകാൻ ബ്ലോക്ക് -ഗ്രാമപഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാം ; സമയപരിധിക്കുള്ളിൽ തൊഴിൽ ലഭിച്ചില്ലായെന്ന് കാണിച്ച് എത്ര പരാതികൾ കഴിഞ്ഞ വർഷം ലഭിച്ചു; ആയതിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം തൊഴിൽ ചെയ്ത തൊഴിലാളിക്ക് എത്ര ദിവസത്തിനകം പ്രതിഫലം നൽകണമെന്നാണ് വ്യവസ്ഥ ; പ്രസ്തുത വ്യവസ്ഥ പാലിച്ചില്ലായെന്ന് കാണിച്ച് കഴിഞ്ഞവർഷം എത്ര പരാതി ലഭിച്ചു ; എത്ര ജീവനക്കാർക്ക് എതിരെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഇ) സമയ പരിധിക്കുള്ളിൽ തൊഴിൽ നൽകുന്നതിനും വേതനം നൽകുന്നതിനും ബാധ്യതയുള്ള ഉദ്യോഗസ്ഥനാരാണ് എന്ന് അറിയിക്കുമോ ;

(എഫ്) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ഏതൊക്കെ വകുപ്പിലെ ജീവനക്കാരെയാണ് നിയോഗിച്ചിട്ടുള്ളത് ; ഇതിനായി ഏതൊക്കെ വകുപ്പിൽ ഏതൊക്കെ തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

തൊഴിലുറപ്പ് പദ്ധതിയിലെ ട്രേഡ് യൂണിയൻ പ്രവർത്തനം

2807 ശ്രീ. വി. പി. സജീന്ദ്രൻ
,, ജോസഫ് വാഴക്കൻ
,, ലൂഡി ലൂയിസ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ട്രേഡ് യൂണിയൻ പ്രവർത്തനം ആവശ്യമില്ലെന്ന അഭിപ്രായമുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ;

(സി) തൊഴിലുറപ്പു പദ്ധതിയിൽ അംഗത്വം എടുപ്പിച്ചശേഷം അവരെ രാഷ്ട്രീയ പാർട്ടികൾ ജാഥക്കും സമരങ്ങൾക്കും കൊണ്ടുപോകുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഇങ്ങനെ ജാഥകൾക്കും സമരങ്ങൾക്കും പോകുന്നവർക്ക് ആദിവസങ്ങളിലെ കൂലി നൽകാതിരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ഗ്രാമീണ മേഖലയിൽ പുതിയ റോഡുകൾ</u>

2808 ശ്രീ. എ. റ്റി. ജോർജ്
,, പി. എ. മാധവൻ
,, പാലോട് രവി
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ പുതിയ റോഡുകൾ നിർമ്മിക്കുവാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) എത്ര കിലോമീറ്റർ ദൈർഘ്യമുള്ള റോഡുകളാണ് ഇങ്ങനെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിന് കേന്ദ്ര സഹായം ലഭ്യമാണോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതു സംബന്ധിച്ച് കേന്ദ്രവുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ഇ) ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് എന്താണ്?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ഗ്രാമീണ റോഡുകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി

2809 ശ്രീ. കെ. ദാസൻ
,, കെ.കെ. നാരായണൻ
,, വി. ചെന്താമരാക്ഷൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകൾ വികസിപ്പിക്കുന്നതിനുള്ള കേന്ദ്ര സഹായ പദ്ധതിയുടെ ലക്ഷ്യം സംബന്ധിച്ച് വിശദമാക്കാമോ;

(ബി) പദ്ധതികളുടെ എട്ടും ഒമ്പതും ഘട്ടത്തിൽ പുതുതായി നിർമ്മിക്കുന്ന റോഡുകളെ സംബന്ധിച്ച പരിശോധന പൂർത്തിയായിട്ടുണ്ടോ; ഏതെല്ലാം റോഡുകൾ വികസിപ്പിക്കണമെന്ന് തീരുമാനിക്കുന്നത് ഏത് ഏജൻസിയായിരിക്കും;

(സി) ഏതെല്ലാം ജില്ലകളിൽ എത്ര തുകവീതം ഈ പദ്ധതി വഴി ചെലവഴിക്കും എന്ന് വ്യക്തമാക്കാമോ; ഈ വക കാര്യങ്ങളിൽ ശാസ്ത്രീയമായ എന്ത് മാനദണ്ഡമാണ് ഉറപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) കേന്ദ്ര സർക്കാരിന്റെ സംസ്ഥാനത്തിനനുയോജ്യമല്ലാത്ത ഏതെല്ലാം നിബന്ധനകളിൽ ഇളവ് ലഭിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ചേർത്തല മണവേലി - സ്കൂൾ കവല റോഡ് നിർമ്മാണം

2810 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല മണവേലിയിൽ നിന്നും സ്ക്കൂൾ കവലയിലേക്കുള്ള റോഡ് സഞ്ചാരയോഗ്യമല്ലാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡ് പൂർത്തീകരിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത റോഡ് റിസ്ക് കോസ്റ്റ് സമ്പ്രദായത്തിൽ പൂർത്തീകരിക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എത്ര മാസങ്ങൾക്കുള്ളിൽ മണവേലി-സ്ക്കൂൾകവല റോഡ് നിർമ്മാണം പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

എൻ.ആർ.എൽ.എം പദ്ധതി

2811 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എൽ.എം പദ്ധതി ഈ വർഷം കേരളത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ നടത്തിപ്പ് ഗവൺമെന്റ് വകുപ്പിനോ/ സർക്കാർ ഏജൻസിക്കോ/ സന്നദ്ധ സംഘടനകൾക്കോ ആണെന്ന് നിശ്ചയിച്ചിട്ടുണ്ടോ;

(സി) കുടുംബശ്രീയെ ഇതിന്റെ ഏജൻസിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ദാരിദ്ര്യലഘൂകരണ പദ്ധതികൾ ഏറെ നടപ്പാക്കുന്ന ഗ്രാമപഞ്ചായത്ത് തലത്തിൽ പി.എ.യു തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഇതിന്റെ ഘടന വിശദമാക്കാമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കരാര്‍ ജീവനക്കാരുടെ ആനുകൂല്യങ്ങള്‍ സംബന്ധിച്ച് നടപടി</u>

2812 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തൊഴിലുറപ്പു പദ്ധതിയില്‍ പഞ്ചായത്തുകളില്‍ കരാര്‍ വ്യവസ്ഥയില്‍ ഏതെല്ലാം തസ്തികകളിലുള്ള ജീവനക്കാരെയാണ് ഇപ്പോള്‍ നിയമിക്കുന്നത്;

(ബി) ഓരോ തസ്തികയിലുമുള്ള ജീവനക്കാര്‍ക്ക് നല്‍കിവരുന്ന വേതനം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാര്‍ക്ക് നിലവില്‍ നല്‍കിവരുന്ന സര്‍വ്വീസ് ആനുകൂല്യങ്ങള്‍ എന്തെല്ലാമാണ്;

(ഡി) കരാര്‍ ജീവനക്കാരുടെ അവകാശങ്ങള്‍ ഹനിക്കുന്നതരത്തില്‍ പി. ആര്‍. ഡി. 18.05.2011-ന് സര്‍ക്കുലര്‍ ഇറക്കിയിട്ടുണ്ടോ;

(ഇ) എങ്കില്‍ അതിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ;

(എഫ്) കരാര്‍ ജീവനക്കാര്‍ക്ക് ലീവ് സറണ്ടര്‍, പ്രസവാവധി ആനുകൂല്യങ്ങള്‍ പുനഃസ്ഥാപിക്കാന്‍ സര്‍ക്കാര്‍ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമത</u>

2813 ശ്രീ. ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൊഴിലുറപ്പു പദ്ധതി നടത്തിപ്പിൽ വന്ന വീഴ്ചയും അപാകതകളും തിരുത്തി കൂടുതൽ കുടുംബങ്ങൾക്ക് പദ്ധതി ഗുണകരമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പ്രവാസികൾക്ക് പെൻഷൻ ഏർപ്പെടുത്താൻ നടപടി</u>

2814 ശ്രീ. വി. റ്റി. ബൽറാം
,, വി. പി. സജീന്ദ്രൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഏത് ഏജൻസി വഴിയാണ് പ്രവാസികൾക്ക് പെൻഷൻ വിതരണം ചെയ്യാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പരസ്യത്തിനായി ചെലവഴിച്ചിട്ടുള്ള തുക</u>

2815 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി. ആർ. ഡി. വഴിയും അല്ലാതെയും ഓരോ വകുപ്പും പരസ്യത്തിനായി എത്രയൊക്കെ തുക ചെലവഴിച്ചിട്ടുണ്ട് എന്ന് തരം തിരിച്ച് വിശദമാക്കുമോ;

(ബി) ഇതിന് മൊത്തത്തിൽ എന്ത് തുക ചെലവായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ഗ്രാമീണ റോഡ് വികസനം

2816 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമീണ റോഡ് വികസന കാര്യത്തില്‍ കേരളത്തെ ദേശീയ മുഖ്യധാരയില്‍ കൊണ്ടുവരത്തക്കവിധം നിലവിലുള്ള നിബന്ധനകളില്‍ മാറ്റം വരുത്താന്‍ കേന്ദ്ര സര്‍ക്കാര്‍ ഇപ്പോള്‍ തീരുമാനിച്ച വിവരം സംസ്ഥാന സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമീണ റോഡ് വികസനകാര്യത്തില്‍ നിലവിലുള്ള മാനദണ്ഡങ്ങളില്‍ എന്തൊക്കെ ഇളവുകളാണ് കേന്ദ്ര സര്‍ക്കാരിന്റെ ഇപ്പോഴത്തെ തീരുമാന പ്രകാരം വന്നിട്ടുള്ളത് ;

(സി) കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് എപ്രകാരം ഗുണകരമാകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

12-ാം പഞ്ചവൽത്സര പദ്ധതി

2817 ഡോ. എൻ. ജയരാജ്
ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 12-ാം പഞ്ചവത്സര പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് ;

(ബി) 12-ാം പഞ്ചവത്സര പദ്ധതിയെക്കുറിച്ചുള്ള കാഴ്ചപ്പാട് വ്യക്തമാക്കുമോ ;

(സി) പദ്ധതി സംബന്ധിച്ച് ചർച്ചകൾ ഏതു ഘട്ടത്തിലാണ് ;

(ഡി) സംസ്ഥാനത്തിന്റെ താത്പര്യങ്ങൾക്ക് അനുസൃതമായി പദ്ധതികൾ രൂപീകരിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയിൽ സോഷ്യൽ ഓഡിറ്റ് പൂർത്തീകരിക്കുന്നതിന് നടപടി</u>

2818 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി ആരംഭിച്ച സോഷ്യൽ ആഡിറ്റ് ഏതൊക്കെ ജില്ലകളിലാണ് പൂർത്തീകരിച്ചത് ;

(ബി) എന്തൊക്കെ പോരായ്മകളാണ് സോഷ്യൽ ആഡിറ്റിലൂടെ കണ്ടെത്താനായത് ;

(സി) ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ;

(ഡി) ഇനിയും സോഷ്യൽ ഓഡിറ്റ് നടത്താനുള്ള ജില്ലകളിലെ ആഡിറ്റിംഗ് എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനു നടപടി</u>

2819 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
.. എൻ. എ. നെല്ലിക്കുന്ന്
.. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നടപ്പുവർഷത്തെ പദ്ധതി സംബന്ധിച്ച ചർച്ചകളിൽ കേന്ദ്രസർക്കാരിന്റെ നിലപാട് ഏതുവിധത്തിലായിരുന്നു എന്ന് വിശദമാക്കുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് പദ്ധതി നടത്തിപ്പിലും പദ്ധതിവിഹിതം ചെലവഴിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ടോ; എങ്കിൽ ആയത് കേന്ദ്ര ഗവൺമെന്റുമായുള്ള ചർച്ചകളിൽ കേരളത്തിന്റെ ആവശ്യങ്ങൾ അംഗീകരിച്ചു കിട്ടുന്നതിൽ തടസ്സങ്ങൾ സൃഷ്ടിച്ചിരുന്നോ;

(സി) കേന്ദ്രസർക്കാർ അംഗീകരിച്ച പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) സാമ്പത്തിക വർഷത്തിന്റെ പകുതിയായ സ്ഥിതിയിൽ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും പദ്ധതിവിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നതിനും എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>വികസന പദ്ധതികള്‍</u>

2820 ശ്രീ.പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവുംവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്രപുരോഗതിക്കായി ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാനുദദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ;

(ബി) ഹ്രസ്വകാലപദ്ധതികളും ദീര്‍ഘകാലപദ്ധതികളും തരംതിരിച്ച് ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) വികസനപദ്ധതികള്‍ക്കായി കേന്ദ്രസര്‍ക്കാരിന്റെയും, വിദേശ ഏജന്‍സികളുടെയും സഹായം തേടാന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ ഏതെല്ലാം പദ്ധതികള്‍ക്കാണ് ഇത്തരം സഹായം തേടാന്‍ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ:

(ഡി) സമയബന്ധിതമായി പദ്ധതികള്‍ ആസൂത്രണം ചെയ്യുന്നതിനും അവ പൂര്‍ത്തീകരിക്കുന്നതിനും ക്രിയാത്മക നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതികൾ</u>

2821 ശ്രീ. പി. ഉബൈദുള്ള
,, പി.ബി. അബ്ദുൾ റസാക്
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിലെ പുതിയ തൊഴിൽ നിയമം മൂലം ജോലി നഷ്ടപ്പെട്ട് സംസ്ഥാനത്ത് പ്രവാസികൾ തിരിച്ചു വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇങ്ങനെ എത്രപേർ തിരിച്ചുവന്നുവെന്ന് വെളിപ്പെടുത്തുമൊ;

(സി) അവരെ പുനരധിവസിപ്പിക്കുന്നതിന് സമാശ്വാസ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ;

(ഡി) സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വ്യവസ്ഥകൾ ലഘൂകരിച്ചുകൊണ്ട് പുതിയ വായ്പാ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പദ്ധതി വിനിയോഗങ്ങളിലെ പുരോഗതി</u>

2822 ഡോ. ടി. എം. തോമസ് ഐസക്
പ്രൊഫ.സി. രവീന്ദ്രനാഥ്
ശ്രീ. എളമരം കരീം
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ഒടുവിൽ ഈ വർഷത്തെ പദ്ധതി വിനിയോഗങ്ങളിലെ പുരോഗതി വിലയിരുത്തിയത് എപ്പോഴാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; ഇതിനകം പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം ഓരോ വകുപ്പും ചെലവഴിച്ചിട്ടുണ്ട് ; പദ്ധതി വിഹിതത്തിലെ ഏറ്റവും കുറഞ്ഞ വിനിയോഗം ഏത് വകുപ്പിന്റേതാണ് ;

(ബി) പ്ലാനിംഗ് ബോർഡ് ഒടുവിൽ നടത്തിയ പദ്ധതി വിനിയോഗത്തിലെ പുരോഗതി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാണോ ; അതു പ്രകാരം എത്ര ശതമാനം വെച്ച് ഓരോ വകുപ്പും ചെലവഴിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ഗ്രാമീണ റോഡ് പദ്ധതി</u>

2823 ശ്രീ. സി. പി. മുഹമ്മദ്
,, കെ. അച്ചുതൻ
,, പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി പ്രകാരം നിർമ്മിക്കുന്ന റോഡുകളുടെ വശങ്ങളിലുള്ള ടെലിഫോൺ, വൈദ്യുതി കമ്പികൾ, ജലവിതരണ പൈപ്പുകൾ ഇവ മാറ്റുന്നതിനുള്ള ചെലവ് നിലവിൽ ആരാണ് വഹിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇവ മാറ്റുവാൻ ഏറെ സമയമെടുക്കുന്നതു മൂലം റോഡു നിർമ്മാണ പൂർത്തീകരണം വൈകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രം കണക്കിലെടുത്ത് ഇത്തരം ചെലവുകൾ കേന്ദ്രം വഹിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതിനോട് കേന്ദ്രത്തിന്റെ നിലപാട് എന്താണ്?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കലാമണ്ഡലം പാഠ്യപദ്ധതി പുനഃസംഘടന</u>

2824 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കലാമണ്ഡലത്തിലെ പാഠ്യപദ്ധതി പുനഃസംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പുനഃസംഘടന സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിനായി എന്തൊക്കെ നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) പാഠ്യ പദ്ധതി പുനഃസംഘടിപ്പിക്കുമ്പോൾ കേരളത്തിന്റെ തനതു കലകളെക്കൂടി ഉൾപ്പെടുത്താൻ ശ്രമിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ഡി. ആര്‍. ഡി. എ. പ്രവര്‍ത്തനങ്ങള്‍</u>

2825 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഡി. ആര്‍. ഡി. എ. നിലവിലുണ്ടോ;

(ബി) പ്രസ്തുത ഏജന്‍സി ചെയ്യുന്ന നിര്‍മ്മാണ പ്രവര്‍ത്തനങ്ങളില്‍ എം. എല്‍. എ. മാര്‍ക്ക് എന്തെങ്കിലും പങ്കാളിത്തമുണ്ടോ;

(സി) ഡി. ആര്‍. ഡി. എ. യോഗങ്ങള്‍ എം. എല്‍. എ. മാരെ അറിയിക്കാറുണ്ടോ;

(ഡി) എം. എല്‍. എ. മാര്‍ നിര്‍ദ്ദേശിക്കുന്ന നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ ഡി. ആര്‍. ഡി. എ. ഏറ്റെടുക്കാറുണ്ടോ;

(ഇ) ഡി. ആര്‍. ഡി. എ. യ്ക്ക് 2011-12 സാമ്പത്തിക വര്‍ഷത്തേയ്ക്ക് ലഭിച്ചിട്ടുള്ള കേന്ദ്ര ഫണ്ട് എത്രയാണ്; വിവിധ സെക്ടറുകള്‍ക്ക് എത്ര വീതം നീക്കിവച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ഡി. പി. സി. കെട്ടിട നിര്‍മ്മാണത്തിന് അനുമതി

2826 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് കമ്മിറ്റിയ്ക്ക് വേണ്ടി ഒരു ബഹുനിലകെട്ടിടം നിര്‍മ്മിക്കാന്‍ അനുമതി നല്‍കുകയും അതിനായി കുടപ്പനക്കുന്നില്‍ കെട്ടിട നിര്‍മ്മാണത്തിന് തറക്കല്ലിടുകയും ചെയ്തത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ എത്ര സെന്റ് സ്ഥലം ഇതിനായി നീക്കിവച്ചിട്ടുണ്ട്; കെട്ടിട നിര്‍മ്മാണത്തിന് എന്തുതുകയാണ് നീക്കിവച്ചിരിക്കുന്നത്;

(ബി) പ്രസ്തുത സ്ഥിതി നിലനില്‍ക്കേ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ആസ്ഥാനത്ത് ഡി. പി. സി.ക്ക് കെട്ടിടം നിര്‍മ്മിക്കാന്‍ സര്‍ക്കാരോ പ്ലാനിംഗ് ബോര്‍ഡോ അനുമതി നല്‍കിയിട്ടുണ്ടോ;

(സി) എങ്കില്‍ അനുമതി നല്‍കിയ തീയതിയും ജി. ഒ. നമ്പരും വ്യക്തമാക്കാമോ; എന്തു തുകയാണ് ഇതിന് നീക്കിവച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) 1996-2001 കാലയളവില്‍ അന്നത്തെ സര്‍ക്കാര്‍ ജില്ലാ പഞ്ചായത്തിന് സ്ഥലം അനുവദിച്ചപ്പോള്‍ ജില്ലാ പഞ്ചായത്തിന്റെ പ്രവര്‍ത്തനങ്ങള്‍ക്ക് മാത്രം പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തണമെന്ന വ്യക്തമായ തീരുമാന പ്രകാരമാണെന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 'സേവന' പദ്ധതി സംബന്ധിച്ച്</u>

2827 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ഭക്ഷ്യസംസ്ക്കരണ കേന്ദ്രവും ബ്ലോക്ക് പഞ്ചായത്തും കുടുംബശ്രീ മിഷനും ചേർന്ന് നടപ്പിലാക്കുന്ന 'സേവന' പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും യോഗം വിളിച്ചു ചേർക്കുന്നതിന് നിർദ്ദേശിക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി ഓരോ ഏജൻസിയും എത്ര വീതം തുക വകയിരുത്തിയിരുന്നുവെന്നും എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ഗ്രാമവികസന വകുപ്പിൽ ബി.പി.ഒ. മാരെ നിയമിക്കൽ</u>

2828 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും‌ംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസനവകുപ്പിൽ എം.ജി.എൻ.ഇ.ജി.എസ്. പദ്ധതി നടത്തിപ്പിനായി ബി.പി.ഒ. മാരെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രമോഷൻ സാധ്യത ഏറെ കുറഞ്ഞ ഗ്രാമവികസനവകുപ്പിലെ ജീവനക്കാരുടെ പ്രമോഷൻ തസ്തികയായി ബി.പി.ഒ. പോസ്റ്റിനെ നിശ്ചയിക്കുമോ;

(സി) ബി.ഡി.ഒ. തസ്തിക, ഗ്രാമവികസന വകുപ്പിലെ ജീവക്കാരുടെ പ്രമോഷൻ തസ്തിക മാത്രമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഗ്രാമവികസന വകുപ്പിലെ ജീവനക്കാർക്ക് പ്രമോഷൻ സാധ്യത വളരെ കുറവുളളത് ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>"വിദ്യാജ്യോതി"</u>

2829 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ കൊടകര ബ്ലോക്ക് പഞ്ചായത്തിൽ വർഷങ്ങളായി പട്ടികജാതി വിദ്യാർത്ഥികൾക്ക് വിജയകരമായി നടപ്പിലാക്കി വരുന്ന "വിദ്യാജ്യോതി" നിരവധി തടസ്സങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികജാതി വിദ്യാർത്ഥികൾക്ക് 100% വിജയം കൈവരിക്കാൻ സഹായിച്ച പ്രസ്തുത പദ്ധതി തുടർന്ന് നടത്തിക്കൊണ്ടുപോകുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ തടസ്സം മാറ്റി പദ്ധതി സുഗമമായി നടപ്പിലാക്കാൻ ക്രിയാത്മകമായി ഇടപെടുമോ എന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ഗ്രാമപഞ്ചായത്തിന്റെ ലോൺ ഒഴിവാക്കാൻ നടപടി

2830 ശ്രീ.എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പൊഴുതന ഗ്രാമ പഞ്ചായത്ത് കേരള സ്റ്റേറ്റ് റൂറൽ ഡവലപ്പ്മെന്റ് ബോർഡിൽ നിന്നും എത്ര തുകയാണ് ലോൺ എടുത്തതെന്ന് വ്യക്തമാക്കുമോ ; ലോൺ തുക, പലിശ, പിഴപ്പലിശ എന്നീ ഇനങ്ങളിൽ എത്ര തുകയാണ് തിരിച്ചടയ്ക്കാനുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ലോൺ തുകയും പലിശയും ഒഴിവാക്കി നൽകണം എന്നാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് നിവേദനം നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്രയും വലിയ സംഖ്യ തിരിച്ചടയ്ക്കുവാൻ ഗ്രാമപഞ്ചായത്തിനു കഴിയാത്ത സാഹചര്യത്തിൽ ലോൺ തുകയും പലിശയും ഒഴിവാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ഡ്രൈവര്‍ തസ്തികയില്‍ നിയമിക്കാന്‍ നടപടി</u>

2831 ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമവികസന വകുപ്പ് ഡ്രൈവര്‍ ഗ്രേഡ് 2 (വിവിധം) എന്ന തസ്തികയിലേക്ക് ശ്രീ. മനേഷ് ശിവരാമന്‍ നായര്‍ എന്ന ഉദ്യോഗാര്‍ത്ഥിയെ ഇടുക്കി ജില്ലാ പി.എസ്.സി ശുപാര്‍ശ ചെയ്ത വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വ്യക്തിയെ പി.എസ്.സി. ശുപാര്‍ശ ചെയ്തത് എന്നാണ് എന്ന് വ്യക്തമാക്കാമോ; ഇപ്രകാരം നിയമന ശുപാര്‍ശ ലഭിച്ചാല്‍ എത്ര ദിവസത്തിനുള്ളില്‍ നിയമനം നല്‍കണമെന്നാണ് നിലവിലുള്ള വ്യവസ്ഥ എന്ന് അറിയിക്കുമോ;

(സി) ഉദ്യോഗാര്‍ത്ഥിയെ ഗ്രാമവികസന വകുപ്പില്‍ ഡ്രൈവര്‍ ആയി നിയമിച്ചിട്ടുണ്ടോ; ഇല്ല എങ്കില്‍ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത ഉദ്യോഗാര്‍ത്ഥിയെ ജോലിയില്‍ പ്രവേശിപ്പിക്കുന്ന കാര്യം അടിയന്തിരമായി പരിഗണിക്കുമോ; പ്രസ്തുത വിഷയത്തില്‍ ഇതുവരെ സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

12-ാം പഞ്ചവത്സരപദ്ധതിയുടെ കർമ്മസമിതി

2832 ശ്രീ. ബെന്നി ബെഹനാൻ
,, ഐ. സി. ബാലകൃഷ്ണൻ
,, സണ്ണി ജോസഫ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 12-ാം പഞ്ചവത്സരപദ്ധതി രൂപവത്ക്കരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇതിനായി സംസ്ഥാന ആസൂത്രണ ബോർഡിനു കീഴിൽ വിവിധ വിഷയങ്ങളിൽ പദ്ധതികൾ ആവിഷ്ക്കരിക്കാൻ കർമ്മസമിതികൾ രൂപീകരിക്കുമോ;

(സി) എങ്കിൽ രൂപീകരിക്കുന്ന കർമ്മസമിതികളുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തനരീതിയും എങ്ങനെയായിരിക്കണമെന്നാണ് വിഭാവനം ചെയ്യുന്നതെന്നു വ്യക്തമാക്കുമോ;

(ഡി) ആരെയൊക്കെ അംഗങ്ങളാക്കിയാണ് ഇത്തരം കർമ്മസമിതികൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>ജില്ലാ ആസൂത്രണ സമിതി</u>

2833 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റിന് ജില്ലാ ആസൂത്രണ സമിതിയ്ക്ക് മേൽ എന്തെങ്കിലും അധികാരമോ നിയന്ത്രണമോ നിലവിലുണ്ടോ;

(ബി) ജില്ലാ പഞ്ചായത്ത് സമിതിയുടെ നിയന്ത്രണത്തിലാണോ ജില്ലാ ആസൂത്രണസമിതി എന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി ആസൂത്രണം, നടത്തിപ്പ്, മോണിറ്ററിംഗ് എന്നിവ കൂടാതെ ജില്ലാ ആസൂത്രണസമിതിക്ക് എന്തെല്ലാം അധികാരങ്ങളാണ് ഉളളത്;

(ഡി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. പി. സി. യുടെ ചെയർമാന് എന്തെല്ലാം അധികാരവും ചുമതലകളുമാണ് ആക്ട് പ്രകാരം നൽകിയിരിക്കുന്നത്?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുവദിച്ചിരുന്ന വാർഷിക പദ്ധതി തുക</u>

2834 ശ്രീ. രമേശ് ചെന്നിത്തല
,, എം. എ. വാഹീദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഓരോ വർഷത്തെയും പദ്ധതിതുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി പ്രസ്തുത തുകയിൽ ഓരോവർഷവും എത്ര തുക ചെലവഴിച്ചിരുന്നുവെന്നും എത്ര തുക ലാപ്സായി എന്നും വ്യക്ത
മാക്കാമോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരുന്ന വാർഷിക പദ്ധതി തുക എത്രയായിരുന്നുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

പൊന്നാനി ബ്ലോക്ക് വകയിരുത്തിയ തുക

2835 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 ലെ സംസ്ഥാന ബഡ്ജറ്റ് അനുബന്ധം 4 ൽ പൊന്നാനി ബ്ലോക്ക് പഞ്ചായത്തിന് വികസന ഫണ്ടിനത്തിനായി എന്തെങ്കിലും തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയായിരുന്നു അനുവദിച്ചിരുന്നത്;

(സി) പ്രസ്തുത തുകയിൽ നിന്നും കുറവ് വരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര രൂപയാണ് കുറവ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഇ) കുറവ് ചെയ്യുന്നതിനുണ്ടായിട്ടുള്ള കാരണവും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പശ്ചിമഘട്ട വികസന പദ്ധതി</u>

2836

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(സി) ഏതൊക്കെ പ്രദേശങ്ങളെയാണ് മേൽപദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) കാസർഗോഡ് താലൂക്കിലെ മലയോര പ്രദേശങ്ങളെ മേൽപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ കാസർഗോഡ് താലൂക്കിലെ മലയോര പ്രദേശങ്ങളെ കൂടി മേൽപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ പ്രെമോഷൻ</u>

2837 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 95 റിട്ടയർമെന്റ് ഒഴിവുകളിലേയ്ക്ക് വിവിധ തസ്തികകളിൽ നിന്നും പ്രേമോഷൻ നടത്തി ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു പറയാമോ ; ഇല്ല എങ്കിൽ എന്തുകൊണ്ടാണ് പ്രസ്തുത ഒഴിവുകൾ നികത്താത്തത് എന്നു വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രെമോഷനുകൾ നടത്തുകവഴി വകുപ്പിൽ ഉണ്ടാകാവുന്ന സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2, ഗ്രേഡ് 1 തസ്തികകൾ എത്രയാണെന്നു പറയാമോ ; ഈ ഒഴിവുകളിലേക്ക് ഏപ്രിൽ 1 ന് ശേഷം എത്ര പേർക്ക് പ്രേമോഷൻ നൽകി എന്നു വ്യക്തമാക്കാമോ ;

(സി) ഓരേ സ്വഭാവമുള്ള തസ്തികകളിലേയ്ക്ക് പ്രമോഷൻ നൽകുന്നത് സംബന്ധിച്ച് ഇറക്കിയിട്ടുള്ള സർക്കാർ ഉത്തരവ് (ജി.ഒ. (പി) 515/2007/ഫിൻ. തിയതി19.10.2007 ) പ്രകാരം സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2 ൽ നിന്നും ഗ്രേഡ് 1 ലേക്ക് പ്രെമോഷൻ നൽകുമ്പോൾ ഒഴിവ് നിലവിൽ വന്ന 1.4.2011 മുതൽ മുൻകാല പ്രാബല്യം നൽകാൻ നടപടി എടുക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കറവതൊഴിലാളികൾക്ക് ഇൻഷുറൻസ് പദ്ധതി</u>

2838 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന മേഖലയിൽ വലിയ സംഭാവനകൾ ചെയ്യുന്ന ഒരു വിഭാഗമായ കറവതൊഴിലാളികളുടെ ക്ഷേമത്തിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നു പറയാമോ;

(ബി) കറവതൊഴിൽ ചെയ്യുന്നവർക്ക് നിരവധി ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കുന്നതിന് കറവതൊഴിലാളികൾക്ക് പ്രത്യേക ആരോഗ്യ പാക്കേജ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു പറയാമോ;

(സി) കറവതൊഴിലാളികൾക്ക് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>മിൽമയുടെ പ്രതിദിന ശരാശരി വിറ്റുവരവ്</u>

2839 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാൽവില വർദ്ധിപ്പിക്കുന്നതിന് മുമ്പും പാൽവില വർദ്ധിപ്പിച്ചതിനുശേഷവുമുള്ള മിൽമയുടെ പ്രതിദിന ശരാശരി വിറ്റുവരവ് എത്രയാണ് ?

(ബി) പാൽവില വർദ്ധിപ്പിക്കുന്നതിനുമുമ്പും പാൽവില വർദ്ധിപ്പിച്ചതിനുശേഷവുമുള്ള മിൽമയുടെ പ്രതിദിന ശരാശരി പ്രദേശിക സംഭരണം എത്ര എന്ന് വ്യക്തമാക്കാമോ:

(സി) പാൽവില വർദ്ധിപ്പിക്കുന്നതിനുമുമ്പ് ഇൻസെന്റീവ് ഉൾപ്പെടെ പാലിന് നൽകിയിരുന്ന ശരാശരി വിലയും പാൽവില വർദ്ധിപ്പിച്ചതിനുശേഷ് നൽകുന്ന ശരാശരി വിലയും എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) കാലിത്തീറ്റയ്ക്ക് നൽകിവരുന്ന സബ്സിഡി എത്രരൂപയാണ് നിർത്തലാക്കിയത്?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>ഗുണനിലവാരമില്ലാത്ത പാല്‍ വില്‍ക്കുന്ന കമ്പനികള്‍</u>

2840 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഓണക്കാലത്ത് ക്ഷീരവികസന വകുപ്പ് നടത്തിയ പാല്‍ പരിശോധനയില്‍ ഏതെല്ലാം കമ്പനികളുടെ പാല്‍ ആണ് ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയിട്ടുള്ളത്;

(ബി) പാലക്കാട് ജില്ലയില്‍ നിന്നും ഇത്തരം സ്ഥാപനങ്ങള്‍ക്കെതിരായ റിപ്പോര്‍ട്ട് ലഭിച്ചിട്ടുണ്ടോ;

(സി) ഇത്തരം സ്ഥാപനങ്ങള്‍ക്കെതിരെ എന്തെങ്കിലും നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പരിശോധനയെത്തുടര്‍ന്ന് ഏതെങ്കിലും കമ്പനിയുടെ പാല്‍ സംസ്ഥാനത്ത് നിരോധിക്കുകയുണ്ടായോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കാലിത്തീറ്റ വില വർദ്ധനവ്</u>

2841 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിൽമാ പാലിന്റെ വില അവസാനമായി വർദ്ധിപ്പിച്ചത് എന്നാണ്;

(ബി) പ്രസ്തുത വിലവർദ്ധനവിന് മുമ്പ് സബ്സിഡി സഹിതം ഒരു ലിറ്റർ പാൽ മിൽമയ്ക്ക് നൽകുന്ന ക്ഷീരകർഷകർക്ക് ലഭിക്കുന്ന സാമ്പത്തികാനുകൂല്യം എത്രയാണ്;

(സി) പ്രസ്തുത വില വർദ്ധനവിന് ശേഷം ഒരു ലിറ്റർ പാൽ മിൽമയ്ക്ക് നൽകുമ്പോൾ ക്ഷീരകർഷകന് ലഭിക്കുന്ന സാമ്പത്തികാനുകൂല്യം എത്രയാണ്;

(ഡി) മിൽമാ കാലിത്തീറ്റയ്ക്ക് നൽകികൊണ്ടിരുന്ന സബ്സിഡി കുറച്ചിട്ടുണ്ടോ; ഇതുമൂലം ഒരു കിലോഗ്രാം കാലിത്തീറ്റയ്ക്ക് എത്ര രൂപയാണ് വില വർദ്ധിച്ചിട്ടുളളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പാലിന്റെ ഗുണനിലവാര പരിശോധന</u>

2842 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, സി. മോയിൻകുട്ടി
,, എം. ഉമ്മർ
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനകത്തു തന്നെ പാൽ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന സ്വകാര്യ ഡയറി ഫാമുകളിൽ നിന്നുള്ള വ്യത്യസ്ത ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനുള്ള പരിശോധനാ സംവിധാനങ്ങൾ എന്തെല്ലാമാണ്;

(ബി) സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ഡയറി ഫാമുകളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സഹകരണ മേഖലയിൽ കൂടുതൽ ഡയറി ഫാമുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ചെറുകിട ഡയറി ഫാമുകൾക്ക് സാമ്പത്തിക - സാങ്കേതിക സഹായം

2843

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം എത്ര ലക്ഷം ലിറ്റർ പാൽ ആവശ്യമുള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഇതിൽ ആഭ്യന്തര ഉല്പാദനം എത്ര ലിറ്റർ വരും;

(സി) ആഭ്യന്തര പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി താത്പര്യമുള്ള യുവതീ-യുവാക്കൾക്ക് ചെറുകിട ഡയറി ഫാമുകൾ തുടങ്ങുന്നതിന് ആവശ്യമായ സാമ്പത്തിക - സാങ്കേതിക സഹായം നൽകുമോ; ഇക്കാര്യത്തിൽ നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനത്തു നിന്നെത്തുന്ന പാൽ</u>

2844 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവുംകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും ഏകദേശം എത്ര ലിറ്റർ പാൽ കേരളത്തിൽ എത്തുന്നുണ്ട്;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന കവർപാലുകളിൽ പരിശോധന പ്രകാരം ആരോഗ്യത്തിന് ദോഷകരമായ പദാർത്ഥങ്ങൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പുൽകൃഷിത്തോട്ടം പ്രോത്സാഹിപ്പിക്കാൻ നടപടി</u>

2845 ശ്രീ. വി. പി. സജീന്ദ്രൻ
'' എം. എ. വാഹീദ്
'' പി. സി. വിഷ്ണുനാഥ്
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാരിൽ നിന്ന് അനുകൂല മറുപടി ലഭിക്കുമോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) കാലിത്തീറ്റയ്ക്ക് വില പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി ഓരോ ബ്ലോക്കിലും പുൽകൃഷിത്തോട്ടം വച്ച് പിടിപ്പിക്കുന്നതിനുള്ള തിരുമാനമായിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) എങ്കിൽ ക്ഷീരകർഷ കൂട്ടായ്മ ഭൂമി പാട്ടത്തിനുനൽകി പുൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പാലിലെ കൊഴുപ്പിതര പദാർത്ഥങ്ങളുടെ അളവ്</u>

2846 ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
,, ചിറ്റയം ഗോപകുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലിലെ കൊഴുപ്പിതര പദാർത്ഥങ്ങളുടെ അളവ് വ്യത്യാസപ്പെടുത്തി നിശ്ചയിക്കണമെന്നതുൾപ്പെടെയുള്ള കാർഷിക സർവ്വകലാശാല വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പാലിൽ കൊഴുപ്പും, കൊഴുപ്പിതര പദാർത്ഥങ്ങളും എത്ര ശതമാനം വീതം ഉണ്ടായിരിക്കണമെന്നാണ് റിപ്പോർട്ടിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത റിപ്പോർട്ട് നടപ്പാക്കാത്തതു മൂലം ക്ഷീരകർഷകർക്ക് പാലിന്റെ വില വർദ്ധനവിന്റെ ഗുണം ലഭിക്കുന്നില്ലെന്നത് വസ്തുതയാണോ; എങ്കിൽ അത് പരിഹരിക്കാൻ എന്തു നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കല്‍പ്പറ്റയിലെ മില്‍മ ഡയറി പ്രോജക്ട്</u>

2847 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റയില്‍ പ്രവര്‍ത്തനം ആരംഭിച്ച മില്‍മ ഡയറി പ്രോജക്ടിന്റെ പ്രവര്‍ത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രോജക്ടിന്റെ പ്രവര്‍ത്തനം വിപുലീകരിക്കാന്‍ എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) മില്‍മയുടെ നേതൃത്വത്തില്‍ വയനാട് ജില്ലയില്‍ നടപ്പിലാക്കിയ മറ്റ് വിപുലീകരണ പ്രവര്‍ത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പാലുല്പാദനം വര്‍ദ്ധിപ്പിക്കാന്‍ നടപടി</u>

2848 ശ്രീ. വി.ഡി. സതീശന്‍
,, സി.പി. മുഹമ്മദ്
,, റ്റി.എന്‍. പ്രതാപന്‍
,, എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ആകെ പാലുല്പാദനവും പാല്‍ ഉപഭോഗവും എത്രയാണ്;

(ബി) സംസ്ഥാനത്തിനാവശ്യമായ പാല്‍ ഇവിടെയുള്ള ഉല്പാദനം കഴിച്ച് ബാക്കി ഏതെല്ലാം സംസ്ഥാനങ്ങളില്‍ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്;

(സി) സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുവാന്‍ ചെക്ക് പോസ്റ്റുകളില്‍ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ പാലുല്പാദനം വര്‍ദ്ധിപ്പിക്കുവാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കാര്‍ഷിക ക്ഷീരമേഖലയുടെ വികസനം</u>

2849 ശ്രീ. ബെന്നി ബെഹനാന്‍
,, കെ. അച്ചുതന്‍
,, ഹൈബി ഈഡന്‍
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ മലയോരമേഖലയില്‍ സാമ്പത്തിക ശേഷിയുള്ളവര്‍ നഗരങ്ങളിലേക്ക് താമസം മാറ്റുന്ന പ്രവണത വര്‍ദ്ധിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഇത് ക്ഷീര കാര്‍ഷികവൃത്തി അറിയുന്നവരുടെ എണ്ണവും കൃഷിഭൂമിയുടെ വ്യാപ്തിയും കുറയുന്നതിന് കാരണമാവുന്നുണ്ടെന്ന് കരുതുന്നുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഇതി പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ഡി) കാര്‍ഷിക-ക്ഷീര മേഖലയുടെ വികസനത്തിന് സാദ്ധ്യമായ ഇടപെടലുകള്‍ നടത്താന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>മിൽമാ ജീവനക്കാർക്ക് പെൻഷൻ</u>

2850 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിൽമാ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനുള്ള നിർദ്ദേശം മാനേജ്മെന്റ് അംഗീകരിച്ചത് എന്നാണ്;

(ബി) ഇതിന് വേണ്ടി ട്രേഡ് യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ ഉണ്ടായ ധാരണ എന്താണ്;

(സി) പ്രസ്തുത ധാരണ മാനേജ്മെന്റും അംഗീകരിച്ചതിനുശേഷം പെൻഷൻ പദ്ധതി നടപ്പിലാക്കാൻ വൈകുന്ന കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ജില്ലാ സഹകരണ ജീവനക്കാർക്ക് സർക്കാർ ഏർപ്പെടുത്തിയ പെൻഷൻ സ്കീം നടപ്പിലാക്കുന്നതിന് ട്രേഡ് യൂണിയനുകൾ സമ്മതിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത സ്കീം നടപ്പിലാക്കുന്നതിന് അടിയന്തിര നിർദ്ദേശം നൽകുമോ;

(എഫ്) ക്ഷീരകർഷക പെൻഷനുവേണ്ടി എത്ര ശതമാനം തുക നീക്കിവയ്ക്കുന്നുണ്ട്;

(ജി) ആഭ്യന്തര ഉല്പാദനത്തിൽ നിന്നും പുറത്തു നിന്നും കൊണ്ടുവരുന്ന പാലിന്റെയും വിഹിതം ക്ഷീരകർഷകനു പെൻഷൻ നൽകാൻ മാറ്റി വയ്ക്കുന്നുണ്ടോ;

(എച്ച്) പുറത്തുനിന്നും കൊണ്ടുവരുന്ന പാലിന്റെ വിറ്റുവരവിൽ നിന്നും 2008-2009, 2009-2010, 2010-2011 വർഷങ്ങളിൽ എത്ര രൂപ ക്ഷീരകർഷക പെൻഷനുവേണ്ടി ശേഖരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ

## 12.10.2011-ലെ മറുപടിക്ക്

(ഐ) കേരളത്തിന് പുറത്തു നിന്നും കൊണ്ടുവരുന്ന പാല് പ്രോസസ് ചെയ്യുന്ന മിൽമാ ജീവനക്കാർക്ക് പെൻഷൻ നൽകാൻ ഒരു നിശ്ചിത ശതമാനം തുക ക്ഷീരകർഷകന് നൽകുന്നതുപോലെ മാറ്റിവയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പരമ്പരാഗത ക്ഷീര കർഷകർക്ക് പെൻഷൻ</u>

2851 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരസംഘങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ താമസിക്കുന്ന ക്ഷീരകർഷകർ തൊട്ടടുത്ത ക്ഷീരസംഘത്തിൽ പാൽ നൽകിയാലും അവർക്ക് മെമ്പർഷിപ്പ് ആനുകൂല്യങ്ങൾ ലഭിക്കുവാൻ നിലവിലുള്ള നിയമത്തിൽ വ്യവസ്ഥകൾ ഇല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ:

(സി) ചെങ്ങന്നൂർ മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ കഴിഞ്ഞ കാലങ്ങളിൽ പ്രവർത്തിച്ചിരുന്ന ക്ഷീര സംഘങ്ങളുടെ പേരുവിവരങ്ങളോ, അംഗങ്ങളുടെ പേരുവിവരങ്ങളോ ലഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>സാംസ്ക്കാരിക വിനിമയ പരിപാടികൾ</u>

2852 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാംസ്ക്കാരിക വിനിമയ പരിപാടികളുടെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പാക്കി വരുന്നു;

(ബി) പ്രസ്തുത പരിപാടികൾ നഗരങ്ങളിൽ മാത്രമായി കേന്ദ്രീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗ്രാമപ്രദേശങ്ങളിലേയ്ക്കുകൂടി പ്രസ്തുത പരിപാടികൾ എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പുരാവസ്തുക്കളുടെ സംരക്ഷണം</u>

2853 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരാതന കാലം മുതൽ ഉള്ളതായ സംരക്ഷിക്കപ്പെടാതെ കിടക്കുന്ന പുരാ വസ്തുക്കൾ സംരക്ഷിക്കുന്നതിലേയ്ക്ക് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പുരാവസ്തുക്കൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള അപേക്ഷകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിലേയ്ക്ക് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) പെരിയാറിന്റെ തീരത്തെ പുരാവസ്തുക്കൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് 2007-ൽ നൽകിയിരുന്ന അപേക്ഷയിൽ (ഫയൽ നമ്പർ 3846/ബി1/കാഡ്/2007) ഉത്തരവ് ഉണ്ടാകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>പഴശ്ശിരാജ - കൃഷ്ണമേനോൻ മ്യൂസിയങ്ങൾ മോടിപിടിപ്പിക്കാൻ നടപടി</u>

2854 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഈസ്റ്റ്ഹില്ലിൽ, പഴശ്ശിരാജ - കൃഷ്ണമേനോൻ മ്യൂസിയങ്ങൾ സ്ഥിതിചെയ്യുന്ന കോമ്പൗണ്ട് കാടുപിടിച്ച് ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം സൗന്ദര്യവൽക്കരിച്ച് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കത്തക്കവിധത്തിലേക്കുളള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>തുളു അക്കാദമിയുടെ പ്രവര്‍ത്തനം</u>

2855 ശ്രീ. പി. ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മഞ്ചേശ്വരം ആസ്ഥാനമായുള്ള തുളു അക്കാദമിയുടെ പ്രവര്‍ത്തനത്തിനായി എന്തൊക്കെ സഹായങ്ങളാണ് ചെയ്തു വരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) തുളു അക്കാദമിയുടെ പ്രവര്‍ത്തനം ഊര്‍ജ്ജിതമാക്കുന്നതിനായി എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>മലബാറിൽ കലാ ഇൻസ്റ്റിറ്റ്യൂട്ടും മ്യൂസിയവും</u>

2856 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തെയ്യം, തിറ തുടങ്ങിയ അനുഷ്ഠാന കലകളുടെ ആസ്ഥാനമായ ഉത്തരമലബാറിൽ ഒരു തെയ്യം കലാ ഇൻസ്റ്റിറ്റ്യൂട്ടും മ്യൂസിയവും സ്ഥാപിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ഫോക്‌ലോർ വില്ലേജ്</u>

2857 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്‌ക്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊടക്കാട് കേന്ദ്രീകരിച്ച് ഫോക്‌ലോർ വില്ലേജ് ആരംഭിക്കുന്നതിന് കഴിഞ്ഞ സർക്കാർ 3 ഏക്കർ സ്ഥലം അനുവദിച്ചിരുന്നുവെങ്കിലും തുടർ നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

വാദ്യകലാകാരന്മാർക്കുള്ള ക്ഷേമനിധി

2858 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വാദ്യകലാകാരന്മാർക്കുള്ള ക്ഷേമനിധി നടപ്പിലാക്കി തുടങ്ങിയോ എന്ന് അറിയിക്കുമോ ;

(ബി എങ്കിൽ അംഗങ്ങളായി ചേരുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ജനങ്ങളിൽ വായനാശീലം വളർത്തുവാൻ നടപടി</u>

2859 ശ്രീ. ജോസഫ് വാഴക്കൻ
,, പാലോട് രവി
,, പി.എ. മാധവൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനങ്ങളിൽ വായനാശീലം വളർത്തുവാൻ എന്തൊക്കെ നടപടികളാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ആവശ്യമുള്ളവർക്ക് സർക്കാർ ചെലവിൽ വീട്ടിൽ പുസ്തകങ്ങൾ എത്തിക്കുന്ന സംവിധാനം ഏർപ്പെടുത്തുമോ;

(സി) ഇത് എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇതിനായി പ്രമോട്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ലൈബ്രറി കൗൺസിലിന് കെട്ടിടം

2860 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ താലൂക്ക് ലൈബ്രറി കൗൺസിലിന് കെട്ടിടം പണിയുന്നതിനുള്ള അനുവാദം നൽകുന്നതിനായുള്ള അപേക്ഷ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്മേലുള്ള നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

ഇൻഫർമേഷൻ 'കിയോസ്ക്'

2861 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സാധാരണക്കാരായ ജനങ്ങൾക്കായി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണവും മറ്റ് അനുബന്ധ വിവരങ്ങളും നൽകുന്നതിലേയ്ക്കായി കണ്ണൂർ ടൗൺ ആസ്ഥാനമാക്കി ഒരു ഇൻഫർമേഷൻ 'കിയോസ്ക്' ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.10.2011-ലെ മറുപടിക്ക്

<u>ഭാഷാപത്രങ്ങളിലെ പരസ്യങ്ങൾ</u>

2862 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മറ്റ് ഭാഷകളിലെ പത്രങ്ങളിൽ പരസ്യം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ ഭാഷകളിൽ ഏതൊക്കെ സംസ്ഥാനത്താണ് പരസ്യങ്ങൾ നൽകിയിരിക്കുന്നത് ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ</u>

2863 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് കഴിഞ്ഞ വർഷം (2010-'11) സംസ്ക്കാരം, വിദ്യാഭ്യാസം, സാമൂഹിക വ്യവസ്ഥിതി, പരമ്പരാഗത കലകൾ എന്നീ വിഷയങ്ങളെക്കുറിച്ച് എത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു;

(ബി) പ്രസിദ്ധീകരിച്ചവയുടെ പേരുവിവരം നൽകാമോ;

(സി) 2011-12-ൽ പ്രസ്തുത വിഷയത്തില എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നതു സംബന്ധിച്ച വിശദവിവരം നൽകാമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>സി ഡിറ്റിലെ നിയമനങ്ങൾ</u>

2864 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി-ഡിറ്റിൽ എത്ര നിയമനങ്ങൾ നടത്തിയെന്നു വ്യക്തമാക്കുമോ;

(ബി) നിയമനത്തിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>കോൺസുലേറ്റുകൾ ആരംഭിക്കാൻനടപടി</u>

2865 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ രാജ്യങ്ങളുടെ കോൺസുലേറ്റുകളാണ് ആരംഭിക്കാൻ പോകുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിനായി ഇതിനകം എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുളളതെന്ന് വിശദമാക്കാമോ;

(സി) കോൺസുലേറ്റുകൾ എന്ന് പ്രവൃത്തിപഥത്തിൽ വരുമെന്ന് വ്യക്തമാക്കാമോ;

(ഡി) കോൺസുലേറ്റിന്റെ കേന്ദ്രം സംസ്ഥാനത്ത് എവിടെയാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>നോർക്ക - റൂട്ട്സ് ഡയറക്ടർ ബോർഡ്</u>

2866 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, പി. ബി. അബ്ദുൾ റസാക്
,, എൻ. എ. നെല്ലിക്കുന്ന്
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്ക - റൂട്ട്സ് ഡയറക്ടർ ബോർഡിന്റെ ഘടന വിശദമാക്കുമോ;

(ബി) നിയമസഭാംഗങ്ങളുടെ പ്രതിനിധിയെക്കൂടി ബോർഡിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പ്രവാസികളുടെ പെൻഷൻ പദ്ധതി</u>

2867 ശ്രീ. ഇ. പി. ജയരാജൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. ബി. ഡി. ദേവസ്സി
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അറുപത് വയസ്സ് പിന്നിട്ട പ്രവാസികൾക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടോ ; പ്രവാസിക്ഷേമ ബോർഡിൽ അംഗത്വമുള്ളവരിൽ 60 വയസ്സ് പിന്നിട്ടവരെത്രയാണ് ; മുഴുവൻ പ്രവാസികളും ഇപ്പോൾ അംഗങ്ങളായിട്ടുണ്ടോ ;

(ബി) പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് തന്നാണ്ടിലെ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട് ; ഇതിനകം എത്രപേർക്ക് പെൻഷൻ നൽകുകയുണ്ടായി ?

# കേരള നിയമസഭ
## 12.10.2011-ലെ മറുപടിക്ക്

<u>പ്രവാസികൾക്ക് പെൻഷൻ</u>

2868 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 60 വയസ്സ് കഴിഞ്ഞ പാവപ്പെട്ട പ്രവാസികൾക്ക് പെൻഷൻ നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി എങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?